#IIMKinMedia

Date: Septemebr 04, 2026

Newspaper: Madhyamam, pg. 03

# റീ ഇമേജിനിങ് കേരളം: ഐ.ഐ.എമ്മിൽ ഒരുക്കങ്ങൾ പൂർത്തിയായി

കുന്ദമംഗലം: മുഖ്യമന്ത്രിയും മുഴുവൻ മന്ത്രിമാരും ഉൾപ്പെടുന്ന മന്ത്രിസഭക്കായി ഇന്നും നാളെയും സംഘടിപ്പിക്കുന്ന നേതൃപരിശീലന ക്യാമ്പ് 'റീ ഇമേജിനിങ് കേരളം' ത്തിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി അധികൃതർ അറിയിച്ചു. ചില മന്ത്രിമാർ വ്യാഴാഴ്ച രാത്രിയോടെയും മറ്റുള്ളവർ വെള്ളിയാഴ്ച രാവിലെയുമായാണ് ഐ.ഐ.എമ്മിൽ എത്തുന്നത്. മന്ത്രിമാർക്കും സ്റ്റാഫിനും ഉള്ള ഭക്ഷണവും താമസസൗകര്യങ്ങളുമെല്ലാം സജ്ജമാണ്. മാനേജ്മെന്റ് ഡെവലപ്മെന്റ് സെന്റർ (എം.ഡി.സി-വിവേക) ബ്ലോക്കിലാണ് മന്ത്രിമാർക്കും പേഴ്സനൽ സ്റ്റാഫിനും മറ്റുമുള്ള താമസ സൗകര്യം. സുരക്ഷയുടെ ഭാഗമായി ബുധനാഴ്ച മുതൽ പൊലീസ് സംവിധാനം ഐ.ഐ.എമ്മിലുണ്ട്. പൊലീസ് കമീഷണറുടെ നേതൃത്വത്തിൽ ശക്തമായ സുരക്ഷ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് പ്രവേശനത്തിന് കർശന നിയന്ത്രണമുണ്ട്.

വെള്ളിയാഴ്ച രാവിലെ 8.45ന് ഉദ്ഘാടനച്ചടങ്ങുകൾ ആരംഭിക്കും. തുടർന്ന് 9.30ന് പരിശീലന സെഷൻ ആരംഭിക്കും. രണ്ടാം ദിനം ഉച്ച 1.15 വരെയാണ് പരിശീലന സെഷനുകൾ. ആദ്യദിനം ആറു സെഷനുകളിലായി അഞ്ച് മണിക്കൂറാണ് മന്ത്രിമാർക്കുള്ള ക്ലാസുകൾ. ഒരു മണിക്കൂറും അര മണിക്കൂറുമുള്ള ക്ലാസുകളാണ് ഉണ്ടാകുക. രണ്ടാം ദിനം നാല് സെഷനുകളിലായി നാല് മണിക്കൂർ ഉൾപ്പെടെ ആകെ ഒമ്പത് മണിക്കൂർ ക്ലാസുകളാണ് സംഘടിപ്പിക്കുന്നത്. ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഐ.ഐ.എം ഫാക്കൽറ്റി, ജപ്പാനിലെ കീയോ യൂനിവേഴ്സിറ്റി, ലണ്ടനിലെ കിങ്സ് കോളജ്, ഡോ. അരവിന്ദ് ശ്രീനിവാസൻ തുടങ്ങിയ വിദഗ്ധരുടെ വൈവിധ്യമാർന്ന സെഷനുകൾ ഉണ്ടാകും.

എ.ഐ യുഗത്തിലെ നേതൃത്വം, ആരോഗ്യ സംരക്ഷണം, കാലാവസ്ഥ പ്രതിരോധ ശേഷിയും തയാറെടുപ്പും, കേരളത്തിന്റെ സാമ്പത്തിക അടിത്തറ പുനർനിർമിക്കുക, ആഗോള ബ്രാൻഡ് കെട്ടിപ്പടുക്കൽ തുടങ്ങി വിവിധ വിഷയങ്ങളിലാണ് ക്ലാസുകൾ. ഐ.ഐ.എം ഡയറക്ടർ പ്രഫ. ദേബശിഷ് ചാറ്റർജിയുടെ നേതൃത്വത്തിൽ അവസാനവട്ട ഒരുക്കങ്ങൾ വിലയിരുത്തി. മന്ത്രിമാർക്കുള്ള ക്ലാസ് റൂമിന്റെയും മറ്റും സൗകര്യങ്ങൾ കുറ്റമറ്റ രീതിയിലാക്കാനുള്ള എല്ലാ തയാറെടുപ്പുകളും നടത്തിയതായി ഐ.ഐ.എം അധികൃതർ പറഞ്ഞു.



*ഐ.ഐ.എമ്മിൽ മന്ത്രിമാർക്ക് നടത്തുന്ന പരിശീലന പരിപാടിയുടെ ക്ലാസ് റൂം ഐ.ഐ.എം ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജിയുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നു*